# കളിക്കാലം

കഥ, സംഭാഷണം

ഇ. ഹരികുമാർ

ഇ. ഹരികുമാറിന്റെ
കളിക്കാലം എന്ന കഥയുടെ
ചെറുഫിലിം ആവിഷ്കരണം
1999

ഫിലിം ഡിവിഷൻ ബാംഗളൂരു
അവതരിപ്പിക്കുന്ന
കളിക്കാലം
എന്ന ചെറുഫിലിമിന്റെ തിരക്കഥ

Kalikkalam - script
**കളിക്കാലം - തിരക്കഥ**
Unauthorised use of this script or part thereof is prohibited
Copyright © 2013 reserved

# കളിക്കാലം

## കഥ, സംഭാഷണം

ഇ. ഹരികുമാര്‍

കഥാപാത്രങ്ങള്‍

1. നാലു വയസ്സുകാരനായ രാജു
2. അവന്റെ ആയ 14 വയസ്സുകാരി രേണുക
3. അവളുടെ കൂട്ടുകാരി 14 വയസ്സു തന്നെ
4. രാജുവിന്റെ അമ്മ
5. രാജുവിന്റെ അച്ഛന്‍
6. അച്ഛന്റെ കൂട്ടുകാര്‍ – നാലോ അഞ്ചോ

# കളിക്കാലം

## സ്ക്രിപ്റ്റ്

**സീൻ 1.**

**സീൻ 1എ:** സമയം വൈകുന്നേരം 5 മണി. ഒരു ബഹുനില കെട്ടിടത്തിന്റെ മുമ്പിലുള്ള കുട്ടികളുടെ പാർക്ക്. രണ്ടൂഞ്ഞാലുകൾ, രണ്ടു സീസോ, പിന്നെ ഉരസിയിറങ്ങാനുള്ള ഉപകരണവും. നാലു വയസ്സുള്ള ഒരാൺകുട്ടി മാത്രം ഊഞ്ഞാലിൽ. ചുറ്റും പൂച്ചെടികൾ. അതിനു മുമ്പിലായി ഒരു വശത്ത് പച്ച ചായമടിച്ച രണ്ടു ചാരുബെഞ്ചുകളിലൊന്നിൽ രണ്ടു മെലിഞ്ഞ പെൺകുട്ടികൾ, ഏകദേശം 14 വയസ്സു പ്രായം, സംസാരിക്കുന്നു. ആ കെട്ടിടത്തിലെ ഫ്ളാറ്റുകളിൽ ജോലിയെടുക്കുന്ന കുട്ടികളാണ്. പുറത്ത് തിരക്കേറിയ നിരത്താണ്.

കാമറ ഇപ്പോൾ ഫോക്കസ്സ് ചെയ്യുന്നത് ഊഞ്ഞാലിലെ കുട്ടിയെയാണ്. അവൻ റോഡിലേയ്ക്കു നോക്കുകയാണ്. അവിടെ സാധാരണയില്ലാത്ത തിടുക്കത്തോടെ വീടണയാൻ നടന്നുപോകുന്നവർ. അവൻ ഊഞ്ഞാൽ നിർത്തി പുറത്ത് നിരത്തിൽ രണ്ടു പേരുടെ സംസാരം ശ്രദ്ധിക്കുകയാണ്.

ഒന്നാമത്തെ ആൾ: സമയം എത്ര്യായി?

രണ്ടാമത്തെ ആൾ: (വാച്ചു നോക്കിക്കൊണ്ട്) 5 മണി, എന്തേ?

ഒന്നാമത്തെ ആൾ: വേഗം പൂവ്വാ. ഇപ്പൊ ടോസ് കഴിഞ്ഞിട്ട്ണ്ടാവും. ആരാണാവോ ബാറ്റ് ചെയ്യ്ണത്.

അവർ രണ്ടു പേരും നടന്നു നീങ്ങുമ്പോൾ കുട്ടി ഊഞ്ഞാലിൽ നിന്നിറങ്ങി പെൺകുട്ടികൾ ഇരിക്കുന്നിടത്തേയ്ക്ക് നടക്കുന്നു. അതിൽ ഒരുവളാണ് രേണുക. അവൾ ഈ കുട്ടിയുടെ ആയയാണ്. ഒരു നീളൻ പാവാടയും അയഞ്ഞ ബ്ലൗസുമാണ് വേഷം. മറ്റേ കുട്ടി വില കുറഞ്ഞ ഒരു സൽവാറും കമ്മീസുമാണിട്ടിരിക്കുന്നത്. കുട്ടി രേണുകയുടെ അടുത്തു പോയി അവളെ തോണ്ടി വിളിക്കുന്നു.

കുട്ടി: രേണുച്ചേച്ചി, പൂവ്വാ.

രേണു മറ്റേ കുട്ടിയുമായി സംസാരിക്കുന്നതിനിടയിൽ കുട്ടി പറയുന്നത് കേൾക്കുന്നില്ല, അവനെ ശ്രദ്ധിക്കുന്നുമില്ല.

രാജു: ചേച്ചി, നമുക്ക് പൂവ്വാ.

രേണു വഴങ്ങുന്നില്ല. രാജു അവളുടെ വസ്ത്രത്തിൽ പിടിച്ചു വലിക്കുന്നു.

രേണു, അവളുടെ വസ്ത്രം പിടിച്ചുകൊണ്ട്: പറ്റില്ല, ഇപ്പൊ പോയാ മമ്മി ചീത്തപറയും.

രാജു: ഞാൻ പൂവ്വാ....

രേണു: (അവളുടെ സ്നേഹിതയോട്, രാജുവിന്റെ അമ്മയെ അനുകരിച്ച് പറയുന്നു: എന്തിനാണ് അവനെ ഇത്ര പെട്ടെന്ന് കൊണ്ടന്നത്. ഇനി എന്റെ ജോലി ഒന്നും നടക്കില്ല....... (സ്നേഹിത ചിരിക്കുന്നു.)

രാജു: (നടന്നുകൊണ്ട് പറയുന്നു) ടിവീല് ക്രിക്കറ്റ്ണ്ട്.

രേണുക: ശരി, ഒരു വലിയ കളിക്കാരൻ വന്നിരിക്കുണു. (എഴുന്നേറ്റ് അവന്റെ കൈ പിടിച്ച് കെട്ടിടത്തിലേയ്ക്ക് നടക്കുന്നു. ഫോയറിലൂടെ നടന്ന് ലിഫ്റ്റിൽ കയറുന്നു.

**സീൻ 2**

**സീൻ 2എ:**

രണ്ടാം നിലയിലെ ലാന്റിങ്ങിൽ. എതിരേയുള്ള ഫ്ളാറ്റിന്റെ വാതിൽ മലർക്കെ തുറന്നിരിയ്ക്കയാണ്. അതിലൂടെ ആഢംബര ശൈലിയിലുള്ള ഒരു സ്വീകരണമുറിയുടെ ഭാഗം കാണാം. വലിയ സോഫയിൽ രാജുവിന്റെ അച്ഛന്റെ കൂട്ടുകാർ നാലഞ്ചു പേരിരിക്കുന്നു. എല്ലാവരുടെ കൈയ്യിലും മദ്യം നിറച്ച ഗ്ലാസ്സുകൾ.

ചിലരത് മുമ്പിലുള്ള കൊച്ചു മേശമേൽ വച്ചിരിക്കയാണ്. രേണുവും രാജുവും കൂടി ലിഫ്റ്റിൽ നിന്ന് ലാന്റിങ്ങിലേയ്ക്ക് കടക്കുന്നു. അകത്ത് അച്ഛനും കൂട്ടുകാരും ആഘോഷിക്കുന്നത് കാണുന്നു, അവന്റെ മുഖം വികസിക്കുന്നു. അവൻ അകത്തേയ്ക്കോടി അച്ഛന്റെ മടിയിൽ ഇരിക്കുന്നു. പശ്ചാത്തലത്തിൽ ക്രിക്കറ്റ് കമന്ററി കേൾക്കാം. രാജു ടിവിയിലേയ്ക്കു നോക്കുന്നില്ല. അവൻ അച്ഛന്റെ മുഖം രണ്ടു കൈകൊണ്ടും പിടിക്കുകയാണ്. 35 വയസ്സുള്ള സുമുഖനായ അച്ഛൻ കുടിച്ചുകൊണ്ടിരിക്കുന്ന ഗ്ലാസ്സ് അടുത്തുള്ള ടീപോയിമേൽ വച്ച് മകനെ കൊഞ്ചിക്കുന്നു.

അച്ഛൻ: മോനെ പോയി കുളിക്കു. മേലാകെ അഴുക്കാണ്.

(രാജു അനങ്ങുന്നില്ല.)

അച്ഛൻ: (അവരെ നോക്കി നിൽക്കുന്ന രേണുകയോട്) രേണുക, ഇവനെ കൊണ്ടുപോയി കുളിപ്പിക്കു.

(രാജു അച്ഛനോട് കൂടുതൽ അള്ളിപ്പിടിച്ചിരിക്കുന്നു, അച്ഛനെ ഉമ്മ വെയ്ക്കുന്നു. അച്ഛൻ ഗ്ലാസ്സെടുത്ത് അവനു നേരെ നീട്ടുന്നു.)

അച്ഛൻ: വേണോ?

(രാജു മുമ്പൊരിക്കലുണ്ടായ തിക്താനുഭവം ഓർത്തുകൊണ്ട് പറയുന്നു.) ബേ.....

പെട്ടെന്ന് എല്ലാവരും ആർത്തു വിളിക്കുന്നു: സിക്സർ.

ഒരാൾ: ഞാൻ പറഞ്ഞില്ലേ, അഷ്റുദ്ദീൻ ഇന്ന് ഫോമിലാണ്.

രേണുക സാവധാനം അകത്തേയ്ക്ക് നടന്നു പോകുന്നു.

**സീൻ 3**

**സീൻ 3എ:** എല്ലാ സൗകര്യങ്ങളുമുള്ള ഒരാധുനിക അടുക്കള. ഗ്രില്ലുള്ള കുക്കിങ് റേഞ്ചിൽ രാജുവിന്റെ അമ്മ പാചകത്തിലേർപ്പെട്ടിരിക്കയാണ്. അവർ മൈക്രോവേവ് ആവനിൽ ഒരു പാത്രം വെയ്ക്കുകയാണ്. 25 വയസ്സായ സുന്ദരി. ധരിച്ചിരിക്കുന്നത് വില പിടിച്ച സൽവാർ കമ്മീസാണ്. ഹൈ സൊസൈറ്റി ലേഡിയുടെ എല്ലാ ഭാവങ്ങളുമുണ്ട്. രേണുക അടുക്കളയിലേയ്ക്ക് കടക്കുന്നു.

കൊച്ചമ്മ: എന്താ ഇത്ര നേർത്തെ? രാജു എവിടെ?

രേണുക: രാജുവിന് ക്രിക്കറ്റ് കാണണംത്രെ. അച്ഛന്റെ അട്ത്ത്ണ്ട്.

കൊച്ചമ്മ: ഫ്രീസറീന്ന് ചിക്കനെടുത്ത് മുറിക്ക്. ഇന്ന് ആരും പോണ ലക്ഷണംല്ല്യാ. ഇവര് മുഴുവനും ഇന്ന് ഡിന്നറിനുണ്ടാവും.

രേണുക ഫ്രീസറിൽനിന്ന് ചിക്കനെടുത്ത് മുറിക്കാൻ തുടങ്ങി. ചിക്കൻ മുറിക്കുന്നതു കഴിഞ്ഞപ്പോൾ അവൾ മറ്റു ജോലികൾ ചെയ്യാൻ തുടങ്ങി, ഒട്ടും സമയം പാഴാക്കാതെ. അവൾ ശ്രദ്ധയോടെ ജോലികൾ ചെയ്യുന്നതിന്റെ ഏതാനും ഷോട്ടുകൾ. പെട്ടെന്ന് അവൾ തലയുയർത്തി ചുമരിലെ ക്ലോക്ക് നോക്കുന്നു. സമയം എട്ട്, പത്ത്. അവൾ ധൃതിയിൽ കൈ കഴുകി ടവ്വൽകൊണ്ട് തുടച്ച് അടുക്കളയിൽ നിന്നു പോകുന്നു.

**സീൻ 4**

രേണുക സ്വീകരണ മുറിയുടെ വാതിൽക്കൽ വന്ന് നോക്കുന്നു. മുറി ഇപ്പോൾ പുക കൊണ്ട് നിറഞ്ഞിരിക്കുന്നു. രാജു അച്ഛന്റെ മുഖം തിരിച്ച് അവന്റെ നേരേയ്ക്കാക്കുന്നു, ശ്രദ്ധ ആകർഷിക്കാൻ. സ്നേഹിതന്മാരുടെ മുഖത്ത് ലഹരിയുടെ ഭാവം. ഇപ്പോൾ എല്ലാവരുടേയും ശ്രദ്ധ രേണുകയുടെ നേരെയാണ്. അവരുടെ നോട്ടത്തിൽ ലഹരിയുണ്ടായിരുന്നു. രേണുവിന് അത് അനുഭവപ്പെടുന്നു. രാജു വരില്ലെന്ന് അറിയാവുന്നതുകൊണ്ട് ആ അസുഖകരമായ നോട്ടങ്ങളിൽനിന്ന് രക്ഷ പ്രാപിക്കാൻ അവൾ പിൻവാങ്ങുന്നു.

**സീൻ 5**

**സീൻ 5എ:** സമയം പത്തു മണി. സ്വീകരണമുറിയിലെ ബഹളം ഇപ്പോൾ ഭക്ഷണമുറിയിലേയ്ക്ക് മാറിയിരിക്കുന്നു. കൊച്ചമ്മ മേശയുടെ ഒരു വശത്ത് കസേലയിലിരിക്കുന്നു. എല്ലാവരും ഭക്ഷണം കഴിക്കുന്ന തിരക്കിലാണ്, ഒപ്പം തന്നെ അന്നത്തെ കളിയെക്കുറിച്ചുള്ള സംസാരവും. രാജു അച്ഛന്റെ അടുത്തിരുന്ന് അച്ഛനോട് സംസാരിച്ചുകൊണ്ട് ഭക്ഷണം കഴിക്കുന്നു. രേണുക വിളമ്പുകയാണ്. അവളെ വിശപ്പും ക്ഷീണവും ഉറക്കവും അലട്ടുന്നുണ്ടെന്ന് കാണാം. രാജു അപ്പോഴും അച്ഛന്റെ അടുത്ത കസേലയിലിരുന്ന് അച്ഛന്റെ ശ്രദ്ധയാകർഷിക്കാനായി ഓരോന്ന് പറയുന്നുണ്ട്.

**സീൻ 5ബി:** ഡിന്നർ തുടരുന്നു. രേണുക ക്ലോക്കിലേയ്ക്ക് നോക്കുന്നു. സമയം പത്തേമുക്കാൽ. അവൾ ദീർഘശ്വാസം വിടുന്നു. fade out.

**സീൻ 6**

**സീൻ 6എ:** രാവിലെ നാലു മണി. ഫ്ളാറ്റിന്റെ ഉൾഭാഗം വിജനമാണ്. മങ്ങിയ വെളിച്ചം മാത്രമുണ്ട്. രേണുക നിലം തുടക്കുന്നു. നിഴലുകൾ നിറഞ്ഞ ചുറ്റുപാടിൽ അവൾ ഏകയായി ജോലി ചെയ്യുന്നു. ക്ഷീണിച്ച രൂപം. അവളുടെ നിസ്സഹായത, പ്രതികൂലമായ പശ്ചാത്തലത്തിൽ എടുത്തു കാണിക്കുന്ന ഷോട്ടുകൾ. കൊച്ച മ്മയും സാറും കിടക്കുന്ന മുറിയുടെ മുമ്പിലെത്തുമ്പോൾ അവൾ തുടക്കുന്നതു നിർത്തി അടഞ്ഞ വാതി ലിന്മേൽ ഒരു നിമിഷം നോക്കിയിരിക്കുന്നു. അവളുടെ മുഖത്തെ നിർവികാരത കാമറ ഒപ്പിയെടുക്കണം. അടച്ചിട്ട വാതിലിനപ്പുറത്ത് ശീതീകരിച്ച മുറിയിൽ കൊച്ചമ്മയും സാറും ഉറങ്ങുന്നത് അവൾ മനസ്സിൽ കാണും. അവളുടെ മനസ്സ് ക്രമേണ ആർദ്രമാവുന്നു. നിർത്തിവച്ച് തുടക്കൽ തുടരുന്നു. fade out.

**സീൻ 7**

**സീൻ 7എ:** രേണുകയുടെ കുളിമുറി. വെറും സാധാരണ, ജോലിക്കാർക്കായുണ്ടാക്കിയ കുളിമുറി. അവൾ കുളി കഴിഞ്ഞ് വസ്ത്രം ധരിച്ച് പുറത്തിറങ്ങുകയാണ്.

**സീൻ 8**

**സീൻ 8എ:** അടുക്കള. രേണുക ചായയുണ്ടാക്കുന്നു. അവൾ സിറാമിക്കിന്റെ ചായപ്പാത്രവും രണ്ടു കപ്പുകളും ഒരു ട്രേയിലെടുത്ത് വരുന്നു.

**സീൻ 9**

**സീൻ 9എ:** രേണുക കൊച്ചമ്മയുടെ കിടപ്പുമുറിയുടെ വാതിലിൽ പതുക്കെ തട്ടുന്നു. രണ്ടു പ്രാവശ്യം മുട്ടിയ ശേഷം അവൾ വാതിൽ തുറന്ന് അകത്തു കടക്കുന്നു. അവർ ഇപ്പോഴും ഉറക്കത്തിലാണ്. രേണുക ട്രേ ടീപോയിമേൽ വെച്ച് വിളിക്കുന്നു.

രേണുക: കൊച്ചമ്മേ, ചായ. (മറുപടിയ്ക്ക് കാത്തുനിൽക്കാതെ അവൾ മുറിക്ക് പുറത്തു കടന്ന് വാതിലടക്കു ന്നു.

**സീൻ 10**

**സീൻ 10എ:** രാജുവിന്റെ കിടപ്പറ. രാജു ഉറക്കമാണ്. വലിയ കിടയ്ക്കമേൽ കോമിക് കഥാപാത്രങ്ങളുടെ ചിത്ര ങ്ങളുള്ള വിരിപ്പ്. കട്ടിലിനടിയിൽ രേണുവിന്റെ കനം കുറഞ്ഞ കിടക്ക ചുരുട്ടി വെച്ചത് കാണാം. രേണുക അകത്തു കടന്ന് രാജുവിന്റെ കിടയ്ക്കക്കരികെ വന്ന് അവനെ ഉണർത്താൻ വേണ്ടി തഴുകുന്നു. രാജു എഴു ന്നേറ്റ് കോട്ടുവായിടുന്നു. വീണ്ടും കിടക്കുന്നു.

രേണുക: രാജുമോൻ എഴുന്നേൽക്കു. ചേച്ചി പല്ലു തേപ്പിച്ചു തരാം.

രാജു: (പെട്ടെന്നെഴുന്നേറ്റ് കണ്ണു തിരുമ്മിക്കൊണ്ട്) ഇന്ന് ക്രിക്കറ്റുണ്ടോ ചേച്ചീ?

രേണുക: ഉണ്ടാവും. അറീല്യ ചേച്ചിക്ക്.

രാജു കിടക്കയിൽ നിന്ന് എഴുന്നേൽക്കുന്നു.

**സീൻ 11**

**സീൻ 11എ:** രേണുക പ്രാതലുണ്ടാക്കാൻ കൊച്ചമ്മയെ സഹായിക്കുകയാണ്.

രേണുക: (പാത്രം കഴുകുന്നതിനിടയ്ക്ക്) രാജുമോൻ ചോദിക്ക്യാണ് ഇന്ന് കളിണ്ടാവ്വോന്ന്.

കൊച്ചമ്മ: (അല്പം അഹങ്കാരത്തോടെ) അതിലെന്താത്ര അദ്ഭുതം? അവന് കളി നല്ല വശാണ്. കളിക്കാര്ടെ പേരൊക്കെ അറിയാം, സ്കോർ വെക്കാൻകൂടി അറിയാം.

(അവർ രേണുകയെ അവജ്ഞയോടെ നോക്കുന്നു. രേണുക നിശ്ശബ്ദയാവുന്നു. പെട്ടെന്ന് അവൾ കഴുകിക്കൊ ണ്ടിരിക്കുന്ന പാത്രം അവളുടെ കയ്യിൽനിന്ന് വഴുതി സിങ്കിലേയ്ക്ക് വീഴുന്നു.

കൊച്ചമ്മ: (അവളുടെ നേരെ രൂക്ഷമായി നോക്കുന്നു.) ഉം, പൊട്ടിച്ചോ.

രേണുക ഭയപ്പെടുന്നു. അവൾ പാത്രം എടുത്തു നോക്കുന്നു.

രേണുക: ഇല്ല കൊച്ചമ്മേ.

കൊച്ചമ്മ: കുറച്ചുകൂടി ശ്രദ്ധിക്ക്യാണ് നിനക്ക് നല്ലത്. കഴിഞ്ഞ പ്രാവശ്യം ആ കപ്പ് പൊട്ടിയപ്പോൾ ഞാൻ ശംമ്പ ളത്തീന്ന് കൊറക്കാത്തത് കാലു പിടിച്ച് പറഞ്ഞിട്ടാ. മുപ്പതാന്തി പണം വാങ്ങാൻ നെന്റെ അമ്മ വരുമ്പോ

നൂറ്റമ്പത് രൂപ തെകച്ചും കൊടുക്കണ്ടേ? അല്ലെങ്കിലും ചെലവ് കഴിഞ്ഞിട്ടാണ് ഇത്രേം തരണത്ന്ന്ള്ള വിചാരോംന്നും ഇല്ല്യ നെന്റെ തള്ളയ്ക്ക്.
രേണുകയുടെ മുഖം മങ്ങുന്നു.

**സീൻ 12**

**സീൻ 12എ:** സ്വീകരണ മുറി. സമയം 5 മണി. രാജൂ സോഫയിൽ അവന്റെ അച്ഛനേയും കളി കാണാൻ വരുന്ന സ്നേഹിതന്മാരേയും കാത്തിരിക്കുന്നു. കൈയ്യിൽ ഒരു കളിപ്പാട്ടവുമായി അവൻ ടിവിയിൽ ഒരു കാർട്ടൂൺ പരിപാടി കാണുകയാണ്. ഇടയ്ക്കിടയ്ക്ക് തുറന്നിട്ട വാതിലിലേയ്ക്ക് പ്രതീക്ഷയോടെ നോക്കുന്നുണ്ട്.
അകത്തുനിന്ന് രേണുക വരുന്നു.
രേണുക: രാജുമോൻ വരൂ, നമുക്ക് പാർക്കിൽ പോണ്ടെ?
രാജു: ഞാനില്ല.
രേണുക: എന്തു പറ്റീ?
രാജു മറുപടി പറയുന്നില്ല. അവൻ അച്ഛനേയും കൂട്ടുകാരേയും പ്രതീക്ഷിച്ച് വാതിൽക്കലേയ്ക്ക് നോക്കുകയാണ്.
രേണുക: അമ്മ പറഞ്ഞു, മോനെ പാർക്കിലേയ്ക്കു കൊണ്ടുപോകാൻ.
രാജു: ഞാൻ വര്ണില്യ.
പെട്ടെന്ന് എന്തോ സംശയം തോന്നി അവൻ എഴുന്നേറ്റ് അടുക്കളയിലേയ്ക്കു നടക്കുന്നു.

**സീൻ 13**

**സീൻ 13എ:** അടുക്കളയിൽ അമ്മ പാചകത്തിലാണ്. രാജു വരുന്നു.
അമ്മ: ങാ, രാജു പാർക്കില് പോയില്ല്യേ?
രാജു: മമ്മീ, ഇന്ന് ക്രിക്കറ്റ് ഇല്ല്യേ?
അമ്മ: ഇല്ല മോനേ, ഇന്നലത്തന്നെ കഴിഞ്ഞില്ലേ കളി? വൺ ഡേ ആയിര്ന്നില്ല്യേ?
രാജു നിരാശനാവുന്നു, തിരിച്ച് സ്വീകരണ മുറിയിലേയ്ക്ക് പോകുന്നു.

**സീൻ 14**

**സീൻ 14എ:** രേണുക രാജുവിനെ കാത്ത് സ്വീകരണ മുറിയിൽ നിൽക്കുകയാണ്. രാജു വരുന്നു, ഒന്നും പറയാതെ അവളുടെ കൂടെ പുറത്തു പോകുന്നു.

**സീൻ 15**

**സീൻ 15എ:** രാജു ഊഞ്ഞാലിലിരിക്കുന്നതിന്റെ ദൃശ്യം - ദൂരക്കാഴ്ച. ക്രമേണ അവൻ മുഖത്തേയ്ക്ക് കാമറ സൂം ചെയ്യുന്നു, ചിന്താധീനനായ രാജുവിന്റെ അസന്തുഷ്ടമായ മുഖം.

**സീൻ 16**

**സീൻ 16എ:** രാജു, രേണുകയുടെ ഒപ്പം സ്വീകരണമുറിയിലേയ്ക്ക് പാർക്കിൽ നിന്ന് തിരിച്ചു വരുന്നു. രേണുക അവനെ കിടപ്പറയിലേയ്ക്ക് ഒഴിഞ്ഞു കിടക്കുന്ന സ്വീകരണ മുറിയിലൂടെ നയിക്കുന്നു.

**സീൻ 17**

**സീൻ 17എ:** രേണുക രാജുവിനെ കുളിപ്പിച്ച്, പൗഡറിട്ട് വസ്ത്രം ധരിപ്പിക്കുന്നു.
രാജു: ചേച്ചീ, ഡാഡി എപ്പഴാ വര്വാ?
രേണുക: അറീല്യ മോനെ.
രാജു: ഇനിയെന്നാണ് ക്രിക്കറ്റ്ണ്ടാവ്വാ?
രേണുക: അതും അറീല്യ മോനെ. മോന് വെശക്ക്ണില്യേ? വേഗം വരൂ, ചേച്ചി ചോറു തരാം.

**സീൻ 18**

**സീൻ 18എ:** അമ്മയെ തിരഞ്ഞ് അവരുടെ കിടപ്പുമുറിയ്ലേയ്ക്കു പോകുന്ന രാജു.

**സീൻ 18ബി:** അമ്മയുടെ കിടപ്പറയിൽ, അമ്മ പുറത്തു പോകാൻ വേണ്ടി പുറപ്പെടുകയാണ്. സാരിയാണ് വേഷം. രാജു പ്രവേശിക്കുന്നു. അവൻ അമ്മയെ ചോദ്യപൂർവ്വം നോക്കുന്നു.

അമ്മ: ഇന്ന് മമ്മിക്കും ഡാഡിക്കും പാർട്ടിണ്ട്. മോൻ നല്ല കുട്ടിയായിട്ട് രേണുച്ചേച്ചീടെ കൂടെ....

രാജു: (ഇടയിൽ കയറി പറയുന്നു) ഞാനുംണ്ട് പാർട്ടിക്ക്.

അമ്മ: അതു പറ്റില്ല മോനെ. ഇത് മുതിർന്നവർക്കു മാത്രംള്ള പാർട്ട്യാണ്. അടുത്ത ആഴ്ചത്തെ പാർട്ടിക്ക് മോനെ കൊണ്ടോവാം. അപ്പൊ മോന്റെ ഫ്രൻസൊക്കെണ്ടാവും.

രാജുവിന്റെ മുഖം മങ്ങുന്നു. ആ സമയത്ത് അച്ഛൻ കുളിമുറിയിൽനിന്ന് പുറത്തു കടക്കുന്നു. രാജു തിരിഞ്ഞ് അദ്ഭുതത്തോടെ നോക്കുന്നു.

രാജു: ഡാഡി എപ്പഴാ വന്നത്?

അച്ഛൻ: ഞാനിപ്പൊ വന്നതേള്ളു മോനെ.

സെൽഫോൺ അടിക്കുന്നു. അയാൾ അതെടുത്ത് സംസാരം തുടങ്ങുന്നു. രാജുവിന് സംസാരിക്കാൻ അവസരം കിട്ടുന്നില്ല. ഫോണിൽ സംസാരിച്ചുകൊണ്ടുതന്നെ അയാൾ വസ്ത്രം ധരിക്കുന്നു.

അമ്മയുടെ വസ്ത്രധാരണം കഴിഞ്ഞു. അവർ ഡ്രെസ്സിങ് ടേബിളിൽനിന്ന് സ്പ്രേയുടെ കുപ്പിയെടുത്ത് ദേഹത്തു പൂശുന്നു. അച്ഛൻ പുറപ്പെട്ടു കഴിഞ്ഞ് കണ്ണാടി നോക്കുന്നു. സംതൃപ്തമായ മുഖം.

അച്ഛൻ: അനി വരൂ, നേരം വൈകു.

അമ്മ: ഞാൻ റെഡി.

രാജു അമ്മയുടെ അടുത്തുപോയി അവരെ കെട്ടിപ്പിടിക്കുന്നു. അവൻ അവരുടെ സുഗന്ധം ആസ്വദിക്കുന്നു. അവന്റെ മുഖം മ്ലാനമാണ്. അമ്മ കുനിഞ്ഞ് അവനെ ഉമ്മ വെയ്ക്കുന്നു. ആ ഉമ്മകൊണ്ട് അവൻ സംതൃപ്തനാവുന്നില്ല.

അമ്മ ടാറ്റ പറയുന്നു, പക്ഷെ അവൻ പെണങ്ങി നിൽക്കുകയാണ്. അച്ഛനും അമ്മയും മുറിക്കു പുറത്തു പോകുന്നു.

**സീൻ 19**

**സീൻ 19എ:** ബാൽക്കണി. രാജു താഴേയ്ക്ക് നോക്കി നിൽക്കുന്നു. രേണുക അവന്റെ അടുത്തു നിൽക്കുന്നു. അവന്റെ മുഖം ഇപ്പോഴും മ്ലാനമാണ്.

**സീൻ 20**

**സീൻ 20എ:** ബാൽക്കണിയിൽനിന്ന് താഴേയ്ക്ക് ഷോട്ട്. അമ്മയും അച്ഛനും കാറിലേയ്ക്കു കയറുന്നു. കയറുന്നതിനു മുമ്പ് അമ്മ മുകളിലേയ്ക്കു നോക്കി കൈ വീശുന്നു. രാജു തിരിച്ച് കൈ വീശുന്നില്ല.

വീണ്ടും രാജുവിന്റെ അസംതുഷ്ടമായ മുഖം കാണിക്കണം.

**സീൻ 21**

**സീൻ 21എ:** അടുക്കളയിൽ. രേണു രാജുവിന് അത്താഴം തയ്യാറാക്കുന്നു. ഗ്യാസ് സ്റ്റൗവ്വിൽ മീൻ വറുക്കുന്നു. രണ്ടു കഷ്ണം മാത്രം. അവൾ അതൊരു പ്ലേയറ്റിലാക്കുന്നു. ചിക്കൻ കറി മൈക്രോവേവിൽ ചൂടാക്കുന്നു. അതും ഒരു പ്ലെയ്റ്റിൽ പകർന്ന് എല്ലാം കൂടി ഊൺമേശയിലേക്ക് കൊണ്ടുപോകുന്നു.

**സീൻ 21ബി:** രാജു ഊൺമേശയിൽ കാത്തിരിക്കയാണ്. അവന് വിശക്കുന്നുണ്ട്. പ്ലെയ്റ്റുകൾ മുമ്പിൽ വെച്ചപ്പോൾ അവൻ എല്ലാം പരിശോധിക്കുന്നു.

രാജു: ചിക്കൻ?

രേണുക: ഉച്ചക്ക് വെച്ചപ്പൊ മോന് നല്ല ഇഷ്ടായില്ല്യോ. അതോണ്ടാ ചേച്ചി ഇപ്പൊ ചൂടാക്കീത്.

രാജു: ചേച്ചീടെ പ്ലെയ്റ്റ് കൊണ്ടുവരു.

രേണുക: വേണ്ട മോനെ, ചേച്ചി പിന്നെ കഴിച്ചോളാം. മോന് ചേച്ചി വായിൽ തരണോ?

രാജു: ചേച്ചി പ്ലെയ്റ്റെടുത്തു കൊണ്ടരൂ.

രേണുക: മോൻ തുടങ്ങിക്കോളു. ചേച്ചി കുടിക്കാന്ള്ള വെള്ളം എടുത്തിട്ട് വരാം. (അടുക്കളയിലേക്കു പോകുന്നു.)

**സീൻ 22**

**സീൻ 22എ:** അടുക്കള. രേണുക ഒരു ഗ്ലാസ്സിൽ വെള്ളമെടുക്കുന്നു. രാജു പിന്നാലെ വരുന്നുണ്ടെന്നതവൾ അറിയുന്നില്ല. രാജു അടുക്കള പ്ലാറ്റ്ഫോമിൽ എന്തോ പരതുന്നു. പെട്ടെന്ന് രേണുക അവനെ കാണുന്നു.

രേണുക: രാജുമോൻ എന്താണ് നോക്കണത്?

രാജു: കിട്ടീ. (അവന്റെ പരതൽ അവസാനിച്ചിരിക്കുന്നു, അവന് വേണ്ടത് കിട്ടി. അവൻ മൂടിവെച്ച ഒരു പ്ലെയ്റ്റ് ഊൺമുറിയിലേയ്ക്ക് കൊണ്ടുപോകുന്നു.

രേണുക: (പെട്ടെന്ന് ഭയത്തോടെ അവന്റെ പിന്നാലെ ഓടുന്നു.)

രേണുക: വേണ്ട രാജു, അതിങ്ങട്ടു തരൂ.

(അവൾ ആ പ്ലെയ്റ്റ് അവന്റെ കയ്യിൽനിന്ന് തട്ടിപ്പറിക്കാൻ നോക്കുന്നു. അവൻ കൊടുക്കുന്നില്ല. അവനത് ഊൺമേശപ്പുറത്തേക്ക് കൊണ്ടുപോവുകയാണ്. വളരെ വിഷമിച്ച മുഖത്തോടെ രേണുക അവന്റെ പിന്നാലെ പോകുന്നു.)

**സീൻ 23**

**സീൻ 23എ:** ഊൺമുറി. രാജു ആ പ്ലെയ്റ്റ് മേശമേൽ വെച്ച് പരിശോധിക്കുന്നു. ക്ലോസപ്പിൽ അതിലെ വിഭവങ്ങൾ കാണിക്കണം. ഉച്ചത്തെ ഭക്ഷണത്തിന്റെ ബാക്കിയാണ്. കുറച്ച് ചോറ്, സാമ്പാർ, കുറച്ച് തോരൻ. രാജു മുഖം ചുളിക്കുന്നു. അവനാ വിഭവങ്ങൾ ഇഷ്ടപ്പെട്ടില്ലെന്ന് സ്പഷ്ടം.

രാജു: മീമി ഇല്ല, ചിക്കനില്ല........

രേണുകയുടെ മുഖം നാണംകൊണ്ട് ചുവക്കുന്നു. അവൾ ഓർമ്മിക്കുകയാണ്........

(ഓർമ്മ. അവൾ അടുക്കളയിലെ വർക്ക് ഏരിയയിൽ നിലത്തിരുന്നുകൊണ്ട് ഭക്ഷണം കഴിക്കുന്നത്. എന്നും ഓരേ മട്ടിലുള്ള മോശം ഭക്ഷണമാണ്. അതിൽ മീനോ, ചിക്കനോ ഉണ്ടാവാറില്ല.)

രേണുക: രാജു, എന്തിനാണത് തുറന്നത്?

രാജു: ചേച്ചി എന്റെ ഒപ്പം ഊണു കഴിക്കാൻ!

രാജു ഇപ്പോൾ മേശമേൽ കയറിയിരിക്കയാണ്. സൗകര്യമുള്ള ആ സ്ഥലത്തിരുന്നു അവൻ ഒരു കഷ്ണം മീനും ചിക്കന്റെ കഷ്ണങ്ങളും രേണുവിന്റെ പ്ലെയിറ്റിലേയ്ക്കിടുന്നു.

രേണുക: (ഇപ്പോൾ ഏകദേശം കരച്ചിലിന്റെ വക്കിലെത്തിയിരുന്നു) രാജൂ, നീ എന്താണ് ചെയ്യണത്?

രാജു: എന്താ?

രേണുക: എനിക്ക് അതൊന്നും തിന്നാൻ പാടില്ല.

രാജു: എന്താ കാരണം?

രേണുക: മോന് അതൊന്നും മനസ്സിലാവില്ല. (കരായാറായിരിക്കുന്നു, പക്ഷെ നിയന്ത്രിക്കുന്നു.) fade out.

**സീൻ 24**

**സീൻ 24എ:** രാജുവിന്റെ കിടപ്പറ. രാജു കുളിമുറിയിൽനിന്ന് പുറത്തു കടക്കുന്നു, രേണുവിനു വേണ്ടി നോക്കുന്നു.

**സീൻ 25**

**സീൻ 25എ:** അമ്മയുടെ കിടപ്പറ. രാജു അകത്തു കടക്കുമ്പോൾ കാണുന്നത് രേണു കിടക്ക വിരിക്കുന്നതാണ്. അവൾ തിരക്കിട്ട് കിടക്ക വിരിക്കയും, മുറി ആകെ ഒതുക്കുകയും ചെയ്യുന്നു. കിടക്ക വിരിച്ച ശേഷം അവൾ പോയി ഒരു ജഗ്ഗിൽ വെള്ളവും രണ്ടു ഗ്ലാസ്സുകളുമായി വരുന്നു. അവൾ രാജുവിനോട് സംസാരിച്ചുകൊണ്ടിരിക്കുന്നു.

രേണുക: മോന്റെ മമ്മി വരുമ്പഴയ്ക്ക് മുറി എല്ലാം ശരിയായി, തണുക്കണ്ടെ. (അവൾ ചുമരരുക്കിൽ പോയി എ.സി.യുടെ സ്വിച്ചിടുന്നു). അപ്പഴയ്ക്കും മോൻ നല്ല ഉറക്കായിട്ടുണ്ടാവും. ചേച്ചീടെ ജോലി ഇപ്പ കഴിയും കേട്ടോ. എന്നിട്ട് ചേച്ചി മോന്റെ ഒപ്പം വരാം. ഒരു മിനുറ്റ്. അല്ലെങ്കിൽ മോൻ പോയി കിടന്നോ. ചേച്ചിക്ക് അടുക്കളേല് കൊറച്ച് പണീംകൂടിണ്ട്. അതും കഴിച്ച് മോന്റെ അട്ത്ത് വരാം.

രാജു നിശ്ശബ്ദനായി അവൾ പറയുന്നത് ശ്രദ്ധിക്കുന്നു. നിലത്ത് നിന്നുകൊണ്ട് അവൻ കിടക്കയിൽ മുഖം വെച്ചമർത്തുന്നു. അവന്റെ മുഖം മ്ലാനമാണ്.

രാജു: ഈ മുറീല് മമ്മിടെ വാസനണ്ട്.

അവന്റെ വാക്കുകൾ കേട്ടപ്പോൾ രേണുകയ്ക്ക് വിഷമമാകുന്നു. അവൾ അവന്റെ അടുത്ത് വന്ന് മുട്ടുകുത്തി നിൽക്കുന്നു. അവൻ അവന്റെ കൈകൾ രേണുകയുടെ ചുമലിൽ വെയ്ക്കുന്നു. അവൻ വളരെയധികം അസംതുഷ്ടനാണ്, ആലോചനയിലും. രേണുകയുടെ മുഖം അനുതാപത്താൽ നിറയുന്നു.

രാജു: ചേച്ചീ.............. (വിക്കിക്കൊണ്ട്)

രേണുക: എന്താ മോനെ?

രാജു: ചേച്ചീ........ ഇനി എപ്പഴാ ക്രിക്കറ്റ്ണ്ടാവ്വാ?

രേണുക: അറീല്ല, മോനെ.

**സീൻ 26**

**സീൻ 26എ:** രാജുവിന്റെ കിടപ്പറ. രേണു രാജുവിന്റെ കിടക്ക തട്ടിക്കുടയുന്നു.

രാജു: ഞാനിന്ന് ചേച്ചീടെ കൂട്യാണ് കെടക്കണത്.

(രേണുക അവളുടെ കട്ടി കുറഞ്ഞ കിടക്ക രാജുവിന്റെ കട്ടിലിന്നടിയിൽ നിന്നെടുത്ത് നില്ത്തു വിരിക്കുന്നു. ബെഡ് ഷീറ്റ് പഴകിക്കീറിയതാണ്. രാജു രേണുക അവളുടെ കിടക്ക വിരിക്കുന്നതു നോക്കിനിൽക്കുന്നു.)

രേണുക: വേണ്ട രാജു. മോന് ചേച്ചീടെ കെടക്കേല് സുഖംണ്ടാവില്ല.

രാജു: എന്താ?

രേണുക: കാരണം അത് കട്ടി കുറഞ്ഞതാണ്. പോരാത്തതിന് മമ്മിക്കത് ഇഷ്ടാവൂംല്യ.

രാജു: എന്നാ ചേച്ചി എന്റെ കെടക്കേല് എന്റൊപ്പം കെടക്കണം.

രേണുക: വേണ്ട മോനെ, മോനൊറ്റയ്ക്ക് കെടന്നാ മതി.

(രേണുക ഒരു പഴയ സംഭവം ഓർക്കുന്നു. ഫ്ളാഷ്ബാക്ക്.............

രേണുക രാജുവിന്റെ ഒപ്പം അവന്റെ കിടക്കയിൽ കിടക്കുന്ന രംഗം. പെട്ടെന്ന് കൊച്ചമ്മ വാതിൽ തുറന്നു വരികയും മാപ്പർഹിക്കാത്ത കുറ്റം കണ്ടുപിടിക്കയും ചെയ്യുന്നു. അവർ രേണുകയെ കുലുക്കി വിളിക്കുന്നു. അലറുന്നു.

രേണുക പേടിച്ച് ചാടിയെഴുന്നേൽക്കുന്നു...........

കൊച്ചമ്മ: ഞാൻ പറഞ്ഞിട്ടില്ലെ മോന്റെ കട്ടിലില് കെടക്കര്ത്ന്ന്. എന്താ പറഞ്ഞാൽ കേൾക്കാതായിരിക്കുന്നോ? (അവളെ തുറിച്ചു നോക്കുന്നു, ഭീഷണിയോടെ.

fades out to reality........)

രേണുക: (ഒരു ദീർഘനിശ്വാസത്തോടെ) മോൻ ഒറങ്ങിക്കോ.

രാജു: പ്ലീസ്, ചേച്ചി.

രേണുക അർദ്ധസമ്മതത്തോടെ അവന്റെ ഒപ്പം കിടക്കുന്നു. രാജു അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെയ്ക്കുന്നു.

രാജു പെട്ടെന്ന് പറയുന്നു: ചേച്ചിയക്ക് അമ്മടെ വാസനല്യ.

രേണുക അവളുടെ വസ്ത്രം വാസനിക്കുന്നു, മുഖം ചുളിക്കുന്നു.

രേണുക: അത് ചേച്ചി തിരുമ്പാനുപയോഗിക്കണ സോപ്പിന്റെ മണാ മോനെ.

രാജു: ചേച്ചി ഒരു കഥ പറഞ്ഞുതരൂ.

രേണുക: ശരി. (ഒരു നിമിഷം ആലോചിക്കുന്നു, പിന്നെ പറയുന്നു.) ചേച്ചി ഇപ്പൊ വരാം.

രാജു: വേഗം വരണം.

**സീൻ 27**

**സീൻ 27എ:** രേണുക രാജുവിന്റെ കുളിമുറിയിൽ. അവൾ അപ്പോൾ ധൃതിയിൽ കുളിച്ച പോലെയുണ്ട്. അവൾ പക്ഷെ അതേ വസ്ത്രങ്ങൾ തന്നെയാണിട്ടിരിക്കുന്നത്. ഇട്ട ശേഷം അതവൾ വാസനിച്ചു നോക്കുന്നുണ്ട്. മുഖം ചുളിക്കുന്നു. അവൾ രാജുവിന്റെ സോപ്പെടുത്ത് അവളുടെ വസ്ത്രങ്ങളിൽ ഉരക്കുന്നു, പിന്നെ വാസനിച്ചു നോക്കുന്നു. അവൾക്കിപ്പോൾ കുറച്ചുകൂടി ആത്മവിശ്വാസം വന്നിരിക്കുന്നു. അവൾ കുളിമുറിയിൽനിന്ന് പുറത്തു കടക്കുന്നു.

**സീൻ 27ബി:** രേണുക കട്ടിലിനരികിൽ പോയി നോക്കിമ്പോൾ കാണുന്നത് രാജു ഉറങ്ങുന്നതാണ്. കിടക്കയിൽ ഇരുന്നുകൊണ്ട് അവന്റെ കവിളിൽ ഒരുമ്മ കൊടുക്കാൻ നോക്കുന്നു, പിന്നെ വേണ്ടെന്നു വെയ്ക്കുന്നു. അവനുണർന്നാലോ എന്ന ഭയം കാരണം.

അവൾ എഴുന്നേറ്റ് വിളക്കിന്റെ സ്വിച്ച് ഓഫാക്കി ബെഡ്റൂം ലാംബ് ഓണാക്കുന്നു.

നേരിയ വെളിച്ചം മാത്രം. അവൾ താഴെ അവളുടെ കിടക്കയിൽ കാൽനീട്ടി ഇരിക്കുന്നു. ആ മങ്ങിയ വെളിച്ചത്തിൽ അതൊരു പരിതാപകരമായ ദൃശ്യമാണ്. അവൾ ആലോചിക്കുകയാണ്. അവളുടെ മുഖം നിർവ്വി

കാരമാണ്. ഒരു മുഴുവൻ ദിവസത്തിന്റെ കഠിനാധ്വാനം മുഴുവൻ അവളുടെ ക്ഷീണിച്ച മുഖത്ത് പ്രതിഫലിക്കുന്നു. സാവധാനത്തിൽ അവൾ ചെരിഞ്ഞു കിടക്കുന്നു, ഒരു മയക്കത്തിലേയ്ക്ക് ഉരസി വീഴുന്നു.

**സീൻ 27സി:** ഒരു നേരിയ സ്പർശം അവളെ ഉണർത്തുന്നു. രാജു കട്ടിലിൽനിന്നിറങ്ങിവന്ന് അവളെ തൊടുകയാണ്.

രാജു: നല്ല സൂത്രക്കാരി. എനിക്ക് കഥ പറഞ്ഞുതരാംന്ന് പറഞ്ഞിട്ട് ഒറങ്ങ്വാണല്ലെ?

രേണുക എഴുന്നറ്റ് അവനെ കെട്ടിപ്പിടിച്ച് കവിളിൽ ഉമ്മ വെയ്ക്കുന്നു.

രേണുക: ഞാൻ വിചാരിച്ചു മോൻ ഒറങ്ങീന്ന്.

രാജു: ചേച്ചി കഥ പറയൂ. (അവൻ അവളുടെ ഒപ്പം കിടക്കുന്നു.)

രേണുക: (കുറച്ചു നേരം ആലോചിക്കുന്നു) ഒരിക്കൽ ഒരിടത്ത് ഒരു കുട്ടിണ്ടായിരുന്നു. നല്ല ഭംഗിള്ള കുട്ടി. ആ കുട്ടിയ്ക്ക് ഒരച്ഛനും അമ്മീംണ്ടായിരുന്നു. നല്ല ഭംഗിള്ള അച്ഛനും അമ്മീം. അച്ഛനും അമ്മയ്ക്കും ആ കുട്ടിയെ നല്ല ഇഷ്ടായിരുന്നു. അവർ കുട്ടീനെ നോക്കാനായി ഒരു പെൺകുട്ടിയെ ജോലിക്കു വെച്ചു. ഒരു പാവം പെൺകുട്ടി. ആ പെൺകുട്ടിയ്ക്ക് അവനെ നല്ല ഇഷ്ടായിരുന്നു............

രാജു: സൂത്രക്കാരി, ഇത് കഥ്യല്ല.

രേണുക: (വളരെ പരിതാപകരമായ ശബ്ദത്തിൽ കഥ തുടരുന്നു) ആ പാവം പെൺകുട്ടിയ്ക്ക് ആരുമുണ്ടായിരുന്നില്ല. അവളാ കുട്ടിയെ സ്വന്തം കുട്ടിയെപ്പോലെ നോക്കി........

കഥ തുടരുമ്പോൾ ക്യാമറ സാവധാനത്തിൽ പെൺകുട്ടിയുടെ മുഖത്തേയ്ക്ക് സൂംചെയ്തു വരുന്നു. കാണുന്നത് ദുരിതം നിറഞ്ഞ ഒരു മുഖം, അതിൽ രണ്ടു കണ്ണുകളിൽ നിന്നും കവിളിലൂടെ ഒഴുകുന്ന ജലധാര.

രാജുവിന്റെ മുഖത്ത് അദ്ഭുതഭാവം. ക്യാമറ അടുക്കും തോറും അവളുടെ മുഖം കൂടുതൽ ദയനീയമാവുന്നു. അവൾ കൈകൾകൊണ്ട് മുഖം പൊത്തി തേങ്ങിത്തേങ്ങി കരയുന്നു. രാജുവിന്റെ മുഖത്തെ അദ്ഭുതഭാവം ക്രമേണ മാറി ഒരു വിതുമ്പലാവുന്നു. അവൻ കരയുന്നു.

രേണുക അവനെ മാറോടണച്ച് തേങ്ങിക്കരയുന്നു. fade out .